നിനക്കു് ഇങ്ങനെ എങ്ങനെ പുഞ്ചിരിക്കാൻ കഴിയും? പെൻഷൻ പേപ്പർ അൻപത്തി അഞ്ചു് എണ്ണം ഒപ്പിടാനുള്ള സമയം ബോറടിക്കാതെയിരിക്കുന്നതു് അല്ലയോ സഹോദരാ, നിന്റെ സ്നേഹത്തോടുകൂടിയ സമീപനം ഒന്നുകൊണ്ടു് മാത്രമാണു്.

അതാ നില്ക്കുന്ന ഗിരിജ. അനന്തപുരത്തെ എന്റെ നാട്ടുകാരിയായ കൊച്ചുപെണ്ണേ, നിന്റെ മഹാമനസ്കത ഇല്ലായിരുന്നുവെങ്കിൽ ഞാനെങ്ങനെ ആ മത്സ്യത്തിന്റെ നാട്ടിൽ മത്സ്യമെ ഇല്ലാതെ കഴിയുമായിരുന്നു. ഗസററഡും നോൺ ഗസററഡും ഭേദമില്ലെന്നു് കാണിച്ച എൻ. ജി. ഒ. ഹോമിനും ചേച്ചിക്കും എന്റെ അഭിവാദ്യങ്ങൾ.

കണ്ണൂരിലെ ഓരോ പുതിയ അനുഭവങ്ങൾ പുതിയ വെളിച്ചങ്ങൾ നല്കുന്നവയായിരുന്നു കാസർകോടുമുതൽ മാഹിവരെയുള്ള പ്രദേശങ്ങളെയും ആളുകളെയും പരിചയപ്പെടുവാനും അവരുടെ സ്വീകരണങ്ങളിൽ പങ്കെടുക്കുവാനും കഴിഞ്ഞതു് ഞാൻ ഏററവും ആനന്ദത്തോടു കൂടി ഓർക്കുന്നു. സംഘട്ടനങ്ങൾ നടന്നിരുന്ന തലശ്ശേരിയിലെ മുനിസിപ്പൽ കമ്മീഷണരും പൗരാവലിയും എന്നോടു് പ്രദർശിപ്പിച്ച ആതിഥ്യ മര്യാദകൾ ഹൃദയത്തിൽ എന്നെന്നും തങ്ങിനില്ക്കുക തന്നെ ചെയ്യും ഇരുട്ടിന്റെ ഭീകരതയിൽ ആരെയും കിടിലം കൊള്ളിക്കുന്ന തലശ്ശേരി എത്ര സുന്ദരമായ പ്രകൃതിസൗന്ദര്യവും വിശിഷ്ടഭോജ്യങ്ങളുമാണു് കാഴ്ച വയ്ക്കുന്നതു്? കല്ലുമ്മേക്കായുടെ രുചി അറിയാനും ആസ്വദിപ്പിക്കാനും ശ്രമിച്ച തലശ്ശേരിയിൽ നിന്നുള്ള ഡി. ഡി. ആഫീസിലെ എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകരെ നിങ്ങളുടെ ഓർമ്മ കൂടെക്കൂടെ എന്റെ ഹൃദയത്തിൽ അലതല്ലാറുണ്ടു്.

ജീവിതത്തിന്റെ അവസാനത്തെ ഏടുകൾ മറിക്കുമ്പോൾ ആഹ്ലാദവും സംതൃപ്തിയും നല്കുന്ന അനവധി സുന്ദരങ്ങളായ അദ്ധ്യായങ്ങൾ കണ്ണൂരിൽ എനിക്കു് കാണാൻ കഴിഞ്ഞു. പ്രകൃതിരമണീയത നിറഞ്ഞ വളപട്ടണം പുഴയുടെ ലഹരി മാററും മുതൽ പഴശ്ശിനിക്കടവുവരെയുള്ള പ്രകൃതി സൗന്ദര്യം നുണഞ്ഞിറക്കിക്കൊണ്ടുള്ള ഉല്ലാസയാത്ര എന്റെ ഹൃദയത്തിൽ ഇന്നും അലതല്ലുകയാണു്, കോളിളക്കങ്ങൾ സൃഷ്ടിക്കുകയാണു്. സൈനബാ മന്ദിരത്തിലെ നിവാസികളേ, നിങ്ങളുടെ വാഗ്ദാനം ഇനിയും നിറവേററിക്കഴിഞ്ഞിട്ടില്ല. അതു് വീണ്ടും ഞാനുററുനോക്കിക്കൊണ്ടിരിക്കയാണു്. പണ്ഡിതാഗ്രേസരനും ശാസ്ത്രജ്ഞനും ആദ്ധ്യാത്മികതത്വത്തിന്റെ കൊടുമുടിയിലേക്കു് ദ്രുതഗമനം നടത്തുന്ന കേരളത്തിന്റെ ''സൽസംഘ''നായകനുമായ ഡോക്ടർ ഭാസ്കരൻ നായരെയും ഞാൻ കണ്ണൂർക്കാരനായി കാണുകയാണു്. എന്തെന്നാൽ അദ്ദേഹത്തിന്റെ കൂടെയാണു് ഞാൻ പല വേദികളിലും, എന്റേതായ അഭിപ്രായങ്ങൾ എന്റെ ഭാഷയിൽ എന്റെ അനുജന്മാരോടും അനുജത്തിമാരോടും പറയുന്ന മാതിരി കണ്ണൂരിലെ നാട്ടുകാരോടു പറഞ്ഞിട്ടുള്ളതു്. എന്റെ അഭിപ്രായങ്ങൾ അവർ ശരിവച്ചു. എന്നെ സ്നേഹിച്ചു. കൂടുതൽ പ്രസംഗവേദികളിലേക്കു് ക്ഷണിച്ചു. അവരുടെ ആവേശം എന്നിലും ആവേശം പകർന്നു. മഹാത്മാ ഗാന്ധി ഇൻഡ്യൻ ജനതയിൽ ആത്മവിശ്വാസവും ധൈര്യവും ഉണർവും പകർന്നതുപോലെ കൊളീജിയേററ് ഡയറക്ടറായിരുന്ന ഡോക്ടർ കെ. ഭാസ്കരൻ നായർ എന്നിൽ ആത്മവിശ്വാസവും ഉണർവും ധൈര്യവും പകർന്നു. കണ്ണൂർ ജനതയുടെ നവോത്ഥാരകനായി ഞാൻ അദ്ദേഹത്തെ ദർശിച്ചു. അദ്ദേഹത്തിന്റെ വാഗ്‌വിലാസം അനുഭവിക്കുവാൻ ഒരിക്കലും കിട്ടാതിരുന്ന നിമിഷങ്ങൾ കണ്ണൂരിലെ എന്റെ ജീവിതത്തിനിടയിലാണു് എനിക്കു് ലഭിച്ചതു്. ഉത്തമന്മാരായ പല സുഹൃത്തുക്കളും എനിക്കുണ്ടായി. മഞ്ചേശ്വരത്തു് പൈകവളിക മുതൽ നാട്ടുകാരും, ഡിപ്പാർട്ടുമെന്റും സംഘടിപ്പിച്ച പല മേളകളിലും, ഞാൻ പങ്കെടുത്തു. ഓരോ സ്ഥലത്തും പയ്യന്നൂരും, തൃക്കരിപ്പൂരും, കരിവെള്ളൂരും, മാടായി

യം. അവസാനം കളക്ടറേറ്റ് തന്നെ ശരണമെന്ന് നിശ്ചയിച്ച് അവിടെ ഇറങ്ങി.

അന്ന് സെക്കൻഡ് സാറ്റർഡേ ആയിരുന്നതിനാൽ ആഫീസുകൾ ഇല്ല. ചില പശുക്കൾ മാത്രം അയവിറക്കിക്കൊണ്ടും തണലിന്റെ സുഖം അനുഭവിച്ചു കൊണ്ടും കളക്ടറേററിലെ ഗേററിനടുത്ത് കിടപ്പുണ്ട്. അവിടെ നിന്നിരുന്നവർക്കും ഡി. ഡി. ആഫീസറിവില്ല. ഡി. ഇ. ഓ. ആഫീസ് ഇവിടെയാണെന്ന് അവർ പറഞ്ഞു. പക്ഷേ, അവിടെ ആരോടെങ്കിലും ചോദിക്കാമെന്നുവച്ചാൽ ആരെയും കാണാനില്ല. കുറെ ദൂരം നടന്നപ്പോൾ ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡ് കണ്ടു. അവിടെ അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് ഡി. ഡി. ആഫീസ് ഠാണായിലാണ് എന്ന്. ബസ്സു കയറി, തലശ്ശേരി ഡയറക്ഷനിൽ 40 പൈസ പോയിൻറിൽ ഇറങ്ങണമെന്നു. കേട്ടതുപാതി കേൾക്കാത്തതു പാതി, വേഗം ബസ്സു കയറി ഉദ്ദിഷ്ടസ്ഥലത്തെത്തി.

'ഠാണാ' — ഒരിടവഴിയുടെ അററത്തായി ചരിച്ച് ഒരു നെയിം ബോർഡു വച്ചിട്ടുണ്ട്. "D. D. Office, Tana" എന്ന്. ആ ഇടവഴിയിലൂടെ സംശയിച്ച് നടന്നു ചെന്നപ്പോൾ, "സൈനബാ മന്ദിരം, അഥവാ ഡി.ഡി. ഓഫീസ്" കണ്ടെത്തി; ഒരു പടുക്കൂററൻ ബംഗ്ലാവ്. രക്ഷപെട്ടു എന്ന ചിന്തയോടു കൂടി ആശ്വാസത്തോടു കൂടി സൈനബാ മന്ദിരത്തിന്റെ ചുററുമുള്ള കേരവൃക്ഷത്തിന്റെ തണലിൽക്കൂടി ചാഞ്ഞുലഞ്ഞ് ഇടതിങ്ങി നില്ക്കുന്ന കരിക്കിൻ കുലകളുടെ മാദക സൌന്ദര്യം നുകർന്നുകൊണ്ട് സൈനബാ മന്ദിരത്തിലെ ചവിട്ടുപടികയറി. "ഉടമയില്ലാതെ ഞാനെത്ര ദിവസമായി ഇവിടെ കഴിയുന്നു" എന്നു പറയുമാറ് എന്നെ നോക്കി ഒരു വെള്ള അംബാസിഡർ കാർ ചിരിക്കുന്നതായി തോന്നി.

നേരെ കയറി ചെന്നപ്പോൾ 'A Section' എന്ന സ്ഥലത്ത് ആൾ പെരുമാററമുള്ളതായി അനുഭവപ്പെട്ടു. 'ഏ' സെക്ഷന്റെ ചുമതല, അല്ല ഡി. ഡി. ആഫീസിന്റെ മുഴുവൻ ഭാരവും തന്നിലാണ് എന്ന ബോധത്തോടുകൂടി പണിയെടുക്കുന്ന ആ നല്ല മനുഷ്യനെ ഒരിക്കലും എനിക്കു മറക്കുവാൻ കഴിയില്ല. ആരാ എന്താ എന്നൊന്നുമറിയാതെ എന്തൊക്കെയോ പുലമ്പിക്കൊണ്ട് ഇനി എന്താ വേണ്ടത് എന്നുള്ള ചിന്തക്കധീനനായി ആ നല്ല മനുഷ്യൻ അങ്ങോട്ടും ഇങ്ങോട്ടും പോയി ഗോവിന്ദാ, ബാലാ, ഗിരിജെ എന്നൊക്കെ വിളിച്ചു. രണ്ടു മൂന്നു പേർ പെട്ടെന്ന് മുമ്പിൽ വന്നു നിന്നു. 'ഇതാ പുതിയ ഡി.ഡി. വന്നിരിക്കുന്നു. ഞാൻ പറഞ്ഞില്ലേ? ഇതെന്ത് പുതിയാ? ഇന്ന് ഓഫീസുണ്ടാവില്ല എന്നറിഞ്ഞിരിക്കില്ലേ? ഇപ്പോൾ ഞാനാളിനെ കൊണ്ടുവരാം" എന്നൊക്കെ പറഞ്ഞു. "ഹേയ് സാരമില്ല. ഞാൻ ചാർജ്ജ് എടുക്കാൻ വന്നതല്ല. ഡി. ഡി. ഓഫീസ് കാണാൻ വന്നതാണ് എന്നു പറഞ്ഞപ്പോൾ മാത്രമാണ് ആ ആളിന് ഒരു സമാധാനമുണ്ടായത്. പിന്നെ പല കാര്യങ്ങളും ചർച്ച ചെയ്യപ്പെട്ടു. ചായ വന്നു. താമസസൗകര്യങ്ങളെക്കുറിച്ചായി സംസാരം. സ്ഥലത്തുള്ള വിഷമങ്ങൾ നിരത്തി. ഇവിടെങ്ങനെ കഴിയുമോ ? തന്റെ സ്വന്തം വീട്ടിലുള്ള വിഷമങ്ങളാണിതെല്ലാം എന്നപോലെ ആ നല്ല മനുഷ്യൻ എന്റെ വിഷമങ്ങൾ അനുഭവിക്കുന്നതായി തോന്നി. ആ ഹൃദയ വിശാലത അന്നത്തേതുപോലെ തന്നെ ഞാൻ പോരുന്ന ദിവസം വരെ എനിക്കനുഭവപ്പെട്ടു. ഒരു കാരണവരെപ്പോലെയുള്ള അദ്ദേഹത്തിന്റെ സഹായങ്ങൾ ലഭിച്ചു. എനിക്ക് ഒരു ടിക്കററ് ബുക്കുചെയ്യണമെങ്കിൽ, വിദ്യാഭ്യാസ മന്ത്രി അററൻഡ് ചെയ്യുന്ന പരിപാടികൾക്കൊക്കെ കൂടെ പോരുവാൻ തുണയായിട്ട് പ്രവർത്തിച്ച ആ മനുഷ്യസ്നേഹി കണ്ണൂരെ എന്റെ ജീവിതത്തിൽ ആദ്യമായി പരിചയപ്പെട്ട വ്യക്തിയാണ്.

ഇതാവരുന്നു. കയ്യിലൊതുങ്ങാത്ത ഭയഭക്തി സ്നേഹ ബഹുമാനങ്ങളോടെ എന്റെ കൊച്ചു നജൻ ഗോവിന്ദൻ. പെൻഷൻ സെക്ഷന്റെ ഭാരം ചുമക്കുന്ന അല്ലയോ ഗോവിന്ദാ,



Digitized by Kerala Sahitya Akademi